# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5374 — 01.07.2019 ൽ മറുപടിക്ക്.

## വ്യവസായ സംരംഭകർക്ക് ആനുകൂല്യങ്ങൾ

**ചോദ്യം** — **ഉത്തരം**

**ശ്രീ.കെ.വി.വിജയദാസ്**

**ശ്രീ. ഇ.പി.ജയരാജൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| എ) | പുതിയ വ്യവസായ സംരംഭകർക്കായി എന്തെല്ലാം ആനുകൂല്യങ്ങളാണ് ഈ സർക്കാർ നൽകിവരുന്നത്; വിശദവിവരം നൽകുമോ; | എ) | സംസ്ഥാനത്ത് പരമാവധി സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ച് പരമാവധി തൊഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കാനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ച് വരുന്നത്. ഇതിലേക്കായി ചുവടെ വിവരിക്കുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്.<br>• സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് മെച്ചപ്പെട്ട ആനുകൂല്യം ലഭിക്കുന്ന സംരംഭകത്വ സഹായപദ്ധതി<br>• നാനോ/ ഗാർഹിക സംരംഭങ്ങൾക്ക് പലിശ സബ്സിഡി പദ്ധതി<br>• തകർച്ച നേരിടുന്ന എംഎസ്എംഇ -കളുടെ പുനരുദ്ധാരണ പദ്ധതി<br>• കരകൗശല മേഖലയിൽ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി<br>കേന്ദ്രസർക്കാർ പദ്ധതിയായ പ്രധാന മന്ത്രിയുടെ തൊഴിൽ ദായക പദ്ധതി (PMEGP) ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖാന്തിരം നടപ്പിലാക്കി വരുന്നുണ്ട്. ഈ പദ്ധതി മുഖേന ജില്ലാ വ്യവസായ കേന്ദ്രം ഗുണഭോക്താക്കളെ കണ്ടെത്തി DLTFC (District Level Task Force Committee) മുൻപാകെ സമർപ്പിക്കുന്നതിന് വേണ്ടിയുള്ള നടപടികളും, സംരംഭകന് ആവശ്യമായ സഹായങ്ങളും ചെയ്തു കൊടുക്കുന്നതാണ്.<br><br>കെ.എസ്.ഐ.ഡി.സി യുടെ നേതൃത്വത്തിൽ എല്ലാ മേഖലയിൽ നിന്നുമുള്ള നൂതനവും വ്യാപാരയോഗ്യമായതുമായ യുവ സംരംഭങ്ങൾക്ക് 25 ലക്ഷം രൂപ വരെ മൂലധനസഹായം നൽകി വരുന്നു. സംരംഭം തുടങ്ങുന്നതിനാവശ്യമായ മൊത്തം തുകയുടെ 90 ശതമാനമോ അല്ലെങ്കിൽ 25 ലക്ഷം രൂപയോ ആണ് പ്രാഥമിക മൂലധനസഹായമായി നൽകി വരുന്നത്. പ്രസ്തുത പദ്ധതിയിൽ ഇതുവരെ 100 യുവ സംരംഭങ്ങൾക്ക് 20 കോടി രൂപ മൂലധനസഹായം അനുവദിക്കുകയുണ്ടായി |

| | | | |
|---|---|---|---|
| | | | വനിതാ സംരംഭകർക്ക് നിലവിലുള്ള വ്യവസായം വിപുലീകരിക്കാനും പുതിയത് തുടങ്ങുവാനും 7.5% പലിശ നിരക്കിൽ 25 ലക്ഷം രൂപ വരെ 6 വർഷ തിരിച്ചടവ് കാലാവധിയിൽ വായ്പ കൊടുക്കുന്ന പദ്ധതി കെ.എസ്.ഐ.ഡി.സി ആവിഷ്കരിച്ചിട്ടുണ്ട്. |
| ബി) | സംസ്ഥാനത്ത് പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള വ്യവസ്ഥകൾ ഈ സർക്കാർ ലഘൂകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ? | ബി) | • കേരളത്തെ വ്യവസായ സൗഹൃദമാക്കുന്നതിനായി വ്യവസായ സംരംഭകർക്ക് ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിന് സഹായകരമായ വിധത്തിൽ വിവിധ വകുപ്പുകളിൽ നിലവിലുള്ള നിയമങ്ങൾ അവശ്യം ഭേദഗതി വരുത്തി "2018-ലെ കേരള നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും (2[illegible]ാം നമ്പർ)" നിയമം പുറപ്പെടുവിച്ചിട്ടുണ്ട്.<br>• വ്യവസായം ആരംഭിക്കുന്നതിലേക്കായിട്ടുള്ള വിവിധ വകുപ്പുകളുടെ ക്ലിയറൻസുകൾ ലഭ്യമാക്കുന്നതിലേക്കായി **K-Swift എന്ന ഓൺലൈൻ സംവിധാനം ഏർപ്പെടുത്തി.**<br>• മികച്ച സംരംഭകരെ വളർത്തിയെടുക്കുന്നതിലേക്കായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ED Club കൾ സ്ഥാപിച്ചു<br>• കൂടുതൽ പേരെ സംരംഭകർ ആക്കുന്നതിലേക്കായി താലൂക്ക് ജില്ലാ തലങ്ങളിൽ സംരംഭകത്വ വികസന പരിശീലന പരിപാടികൾ, വിവിധ മേഖലകളിൽ സാങ്കേതിക പരിശീലനങ്ങൾ, നൈപുണ്യ പരിശീലനങ്ങൾ, നിക്ഷേപക സംഗമം എന്നിവ നടത്തി വരുന്നു<br>• വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ അധീനതയിലുള്ള വ്യവസായ എസ്റ്റേറ്റുകൾ/ പ്ലോട്ടുകൾ എന്നിവ പരമാവധി യൂണിറ്റുകൾക്ക് അനുവദിച്ചിട്ടുണ്ട്<br>• കൂടുതൽ യൂണിറ്റുകൾ അനുവദിക്കുന്നതിലേക്കായി PPP മോഡലിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിച്ച് അടിസ്ഥാന സൗകര്യം വിപുലപ്പെടുത്തി കൂടുതൽ തൊഴിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്<br>• മേൽ വിവരിച്ചതിനു പുറമെ 2017 -18 മുതൽ നാനോ ഹൗസ് ഹോൾഡ് പലിശ സബ്സിഡി അനുവദിക്കുന്ന പദ്ധതിയും, തകർച്ച നേരിടുന്ന എംഎസ്.എം.ഇ. കളുടെ പുനരുദ്ധാരണ പദ്ധതിയും, ആർട്ടിസാൻസ് മേഖലയിലെ യൂണിറ്റുകൾക്ക് ആശാ പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട് |

സെക്ഷൻ ഓഫീസർ